പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 43 8.6.2015 ൽ മറുപടിയ്ക്ക്

ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജനസമ്പർക്ക പരിപാടികളാണ് ആകെ നടത്തിയിട്ടുളളത് പ്രസ്തുത ജനസമ്പർക്ക പരിപാടികളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | എ) മൂന്ന ജനസമ്പർക്ക പരിപാടികളാണ് നടത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി 9,27,27,264 രൂപ ചെലവഴിച്ചിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ എല്ലാ ജില്ലകളിലും ചെലവ് സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് വരുന്നതിനാൽ അവ ലഭ്യമായിട്ടില്ല. |
| ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതിലൂടെ നൽകിയിരുന്നതെന്നും എത്രപേർക്ക് അവ നൽകിയിട്ടുണ്ടെന്നും; ജില്ല തിരിച്ചുളള കണക്ക് വ്യക്തമാക്കാമോ; | ബി) ചികിത്സാധനസഹായം,, ബിപിഎൽ കാർഡ്, മുച്ചക്രവാഹന വിതരണം, വസ്തു സംബന്ധിച്ച അപേക്ഷകൾ, വായ്പാ ഇളവ്, വീൽചെയർ, മോട്ടോറൈസിഡ് ട്രൈവീലർ, പട്ടയം അനുവദിക്കൽ, ക്ഷേമ പെൻഷനുകൾ, വൈദ്യുതി, വെള്ളം കണക്ഷനുകൾ, പോലീസ് സഹായം തുടങ്ങിയ ആനുകൂല്യങ്ങളാണ് നല്കിയിരുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലെ ആനുകൂല്യം സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. മൂന്നാം ഘട്ടത്തിലെ ആനുകൂല്യം സംബന്ധിച്ച കണക്കുകളിൽ നടപടി സ്വീകരിച്ച് വരുന്നു. |
| സി) ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുളളത്; അതിൽ എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; ബാക്കിയുളളവയിൽ കാലതാമസം വരുന്നതെന്തുകൊണ്ട്; | സി) മൂന്ന ജനസമ്പർക്ക പരിപാടികളിലായി 12,32,503 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 9,77,309 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. (മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി പാലക്കാട് നടന്നിട്ടില്ലാത്തതിനാൽ ഓൺലൈൻ അപേക്ഷകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ) |
| ഡി) പരിഹരിച്ചവ കുറവാണെന്നുളളതും പരിഹരിക്കാനുളളത് വളരെ കൂടുതലുമാണെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഇ) ആനുകൂല്യം നൽകുന്നതിന് കാലതാമസം നേരിടുന്നു എന്നുപറഞ്ഞു തുടങ്ങിയ ജനസമ്പർക്ക പരിപാടിയിലും യഥാസമയം അവ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ ? | ഡി)+ഇ) ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കിയ അപേക്ഷകരുടെ എണ്ണം

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4536 |
| കൊല്ലം | 63882 |
| പത്തനംതിട്ട | 8199 |
| ആലപ്പുഴ | 18231 |
| കോട്ടയം | 9372 |
| ഇടുക്കി | 49741 |
| എറണാകുളം | 4992 |
| തൃശ്ശൂർ | 6615 |
| പാലക്കാട് | 11959 |
| മലപ്പുറം | 7152 |
| കോഴിക്കോട് | 16679 |
| വയനാട് | 6259 |
| കണ്ണൂർ | 10866 |
| കാസർഗോഡ് | 6828 |

Kunakuh

സെക്ഷൻ ഓഫീസർ